
വാല്യം 30 ഡിസംബർ 2020

# അഗപെ

## കയ്യെഴുത്തു മാസിക



agape

ലേഖനങ്ങൾ

ചരിത്രം

കവിത

ഭാവന

ക്വിസ്

30th

Volume

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# ഉള്ളടക്കം


01 മുഖവുര 03

02 സാക്ഷ്യം; ഒരു ഉൾപ്രേരണ 07
ബ്രദർ സാജു ജോൺ മാത്യു

03 നൽ നീരുറവപോൽ 11
ഹെറേഷ്യ ഗേറ്റ്സ് സ്പാഫോർഡ്

04 നസ്രായേൻ 15
ഷിബു ഡാനിയേൽ

05 യോവേലിലൂടെ ദൈവം നമ്മോടു പറയുന്നത് 17
ബെന്നി ജോർജ്ജ് മണലി

06 ഗന്നസരേത്തിൽ നിന്നു തിബര്യാസിലേക്ക് 21
ഷിബു ഡാനിയേൽ

07 ചോദ്യാവലി 28




# മുഖവുര

ഓരോ സെക്കന്റുകളിലും ലഭിക്കുന്ന വാർത്തകൾ
ബഹുഭൂരിപക്ഷത്തിനും അസമാധാനം നൽകുമ്പോൾ
വ്യത്യസ്തമായ ഒരു വാർത്ത...ഈ വാർത്ത അനേക
ദൂരം സഞ്ചരിക്കുന്നുവെങ്കിലും മരങ്ങളെ
കടപുഴക്കുന്നില്ല. നാശനഷ്ടം വരുത്തുന്നില്ല.
ആരുടെയും സന്തോഷം അപഹരിക്കുന്നില്ല.
പിന്നയോ നിത്യസമാധാനം, നിത്യ സന്തോഷം, സംതൃപ്തി ഇവയാൽ
നിറച്ചു ഒരു മന്ദമാരുതനെ പോലെ നിങ്ങൾക്കു ആശ്വാസം നൽകുന്നു.
നിങ്ങളുടെ പാപങ്ങളുടെ കടുംചുവപ്പു ഹിമം
പോലെ വെളുപ്പിക്കുന്നു. സാരമില്ലായെന്നു മൊഴിയുന്നു,
ചേർത്തുപിടിക്കുന്നു, തഴുകുന്നു, കൂടെ വസിക്കുന്നു...

മുമ്പെങ്ങും ഇല്ലാത്തതു പോലെ വാർത്തകളുടെ ഒരു കാലഘട്ടമാണിത്. മുമ്പ് രാവിലെ പത്രം വന്നാൽ തലേദിവസത്തെ അറിയേണ്ട സുപ്രധാന വാർത്തകൾ എല്ലാം അവയിലുണ്ടാകും. അതുകൊണ്ട് നാം തൃപ്തിയടയും. റേഡിയോ രാവിലെയും ഉച്ചക്കും വൈകുന്നേരവും ഓരോ വാർത്ത നല്കും. ടെലിവിഷന്റെ ആദ്യനാളുകളിൽ വൈകുന്നേരങ്ങളിൽ മാത്രം കുറച്ചു മിനിട്ടുകൊണ്ടു തീരുന്ന വാർത്ത നല്കുകയും അവയിൽ നാം ആശ്വാസം കണ്ടെത്തുകയും ചെയ്യുമായിരുന്നു.

ഈ ദശാബ്ദത്തിന്റെ പ്രത്യേകത, സോഷ്യൽ മീഡിയയുടെ അതിപ്രസരം, ഓൺലൈൻ മാധ്യമങ്ങളുടെ കവിഞ്ഞൊഴുക്ക്, എല്ലാം ഓരോ സെക്കന്റിലും വാർത്ത പിറക്കുവാൻ കാരണമായി. അതുപോലെത്തന്നെ ഓരോരുത്തരും വാർത്താ അവതാരകരായി. വാർത്തയുടെ വാഹകരായി. കുറച്ചേറെ നേരം അന്തരീക്ഷത്തിൽ പറന്നു നടക്കുകയും 'K'യും 'M'ഉം വലിയ വരവു വരത്തക്ക വിധത്തിൽ വാർത്തകൾ ചമയ്ക്കണമെങ്കിൽ പൊടിപ്പും തൊങ്ങലും, മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതുമായ നിറമുള്ള കഥകളും ആയിരിക്കണം.

വ്യാജമായ കഥകൾ ചമയ്ക്കുന്നതും, അർദ്ധസത്യങ്ങൾക്ക് നിറം പിടിപ്പിക്കുന്നതുമായ വാർത്തകൾ അസത്യമെന്നറിയാമെങ്കിലും അന്തരീക്ഷത്തിൽ അനേകദൂരം പറക്കും. കാറ്റു അതിന്റെ ഉത്ഭവത്തിൽ നിന്നും ശക്തി പ്രാപിച്ചു ദൂരം പിന്നിടുമ്പോഴേക്കും ശക്തികുറഞ്ഞു വരുന്നതുപോലെ ഇത്തരം വ്യാജവാർത്തകൾ ഉത്ഭവസ്ഥാനത്തു നിന്നും ശക്തി പ്രാപിച്ച് ചില മണിക്കൂറുകൾ വീശിയടിച്ച് നാശം വരുത്തി വൻമരങ്ങളെ കടപുഴകി, സംഹാരതാണ്ഡവം ആടി പടച്ചുവിടവൻ ഉദ്ദേശിച്ചതിന്റെ എത്രയോ മടങ്ങ് കൂടുതൽ വിനാശം വരുത്തി കെട്ടടങ്ങും നാശകരമായ ഈ വാർത്തകൾ-

തിരിഞ്ഞു നടക്കുന്നില്ല. താൻ നശിപ്പിച്ച, കടപുഴകിയ, നാശനഷ്ടം വരുത്തിയ പ്രദേശങ്ങളിലൂടെ... അപ്പോഴേക്കും അടുത്ത കൊടിയ കാറ്റുമായി അടുത്ത വാർത്ത അണിയറയിൽ തയ്യാറായിട്ടുണ്ടാവും.

വാർത്തകൾ ഇങ്ങനെയാണ്. ബഹുഭൂരിപക്ഷവും ചെറിയ ഒരു വിഭാഗത്തിനു സന്തോഷം കൊടുക്കുന്നതാണെങ്കിൽ ബഹുഭൂരിപക്ഷത്തിനും അവ ആനന്ദമേകില്ല. ഒരു വാർത്തയും എല്ലാവരെയും സംതൃപ്തിപ്പെടുത്തുന്നില്ല. ഇത്രയും കാടുകയറി വാർത്തയെക്കുറിച്ചു വിവരിക്കുവാൻ കാരണമുണ്ട്. എല്ലാവർക്കും സന്തോഷം പകരുന്ന ഒരു വാർത്തയെ അവതരിപ്പിക്കുവാനാണ്. ഇപ്പോൾ പുതിയതെന്നു പറഞ്ഞു അവതരിപ്പിക്കുവാൻ ഇത് ഇപ്പോൾ ഉണ്ടായതല്ല. അതിന്റെ ഉത്ഭവം ___ രണ്ടായിരം വർഷങ്ങൾക്കു മുമ്പാണ്. "സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം... കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു." ഇതാണ് ആ വാർത്ത. മറ്റേതൊരു വാർത്തകൾക്കും നൽകുവാൻ കഴിയാത്ത സമാധാനത്തിന്റെ, സന്തോഷത്തിന്റെ, സംതൃപ്തിയുടെ വാർത്ത. ദൈവം ഭൂമിയിലേക്ക് വന്നു നമ്മുടെ ഇടയിൽ പാർക്കുന്നു എന്ന സന്തോഷ വാർത്ത.

അതാണ് Good NEWS. നല്ല വാർത്ത... സദ്വർത്തമാനം. യേശുവിനെ രക്ഷകനായി സ്വീകരിക്കുവാനുള്ള അവസരം നിങ്ങൾക്കായി തുറന്നിരിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകയില്ല എന്ന സദ്വാർത്ത. ഈ വാർത്ത അനേക ദൂരം സഞ്ചരിക്കുന്നുവെങ്കിലും മരങ്ങളെ കടപുഴക്കുന്നില്ല. നാശനഷ്ടം വരുത്തുന്നില്ല. ആരുടെയും സന്തോഷം അപഹരിക്കുന്നില്ല. പിന്നെയോ നിത്യ സമാധാനം, നിത്യ സന്തോഷം, സംതൃപ്തി ഇവയാൽ നിറച്ച് ഒരു മന്ദമാരുതനെപ്പോലെ നിങ്ങൾക്കു ആശ്വാസം നൽകുന്നു. നിങ്ങളുടെ പാപങ്ങളുടെ കടും ചുവപ്പു ഹിമം പോലെ വെളുപ്പിക്കുന്നു. സാരമില്ലയെന്നു മൊഴിയുന്നു. ചേർത്തു പിടിക്കുന്നു. തഴുകുന്നു. കൂടെ വസിക്കുന്നു.

ഈ നല്ല വാർത്ത കേൾക്കാം... ഈ വാർത്ത അനേക-

രിലേക്കു പകരുന്ന മാധ്യമപ്രവർത്തകരാകാം. അനേകരിലേക്ക് ഈ വാർത്ത എത്തിക്കാം... എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ!

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം;
ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം...

# ലൂക്കൊസ് 2:14

'അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം;
ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം'



ബ്രദർ. സാജു ജോൺ മാത്യു

# സാക്ഷ്യം; ഒരു ഉൾപ്രേരണ



സുവിശേഷികരണം തുടങ്ങുന്നതിനായി അന്ത്രയോസ്
“ദൈവശാസ്ത്രത്തിൽ”
ഒരു ബിരുദത്തിനൊന്നും കാത്തുനിന്നില്ല.
അവന്റെ സാക്ഷ്യം കൂടുതൽ
ഫലപ്രദമാകുവാൻ ഒരു ക്രൂസേഡ് സ്റ്റേജോ
ആത്മീയ വരങ്ങളോ ലഭിക്കുവാൻ കാത്തുനിന്നില്ല.
അവൻ തന്റെ സഹോദരന്റെ മുൻപിൽ
ഹൃദയം പകർന്നതേയുള്ളൂ...



വായനാഭാഗം: യോഹന്നാൻ 1:35-42.

"അന്ത്രയോസ് തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോടു: ഞങ്ങൾ മശിഹയെ എന്നു വെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു... യോഹന്നാൻ 1:41-42."




യോഹന്നാൻ സ്നാപകൻ, യേശുവിനെ "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പരിചയപ്പെടുത്തുന്നു. ഈ സാക്ഷ്യം കേട്ടു യോഹന്നാന്റെ രണ്ടു ശിഷ്യൻമാർ യേശുവിന്റെ അടുത്തേക്കു പോയി, ഒരു ദിവസം അവനോടൊപ്പം വസിക്കുകയും ചെയ്തു. യേശുതന്നെയാണ് മശിഹാ എന്ന് അവർക്കു ബോധ്യമായി- ഉറപ്പായി.

അവർ മടങ്ങിവരുമ്പോൾ, യോഹന്നാന്റെ ശിഷ്യൻമാരിൽ ഒരുവനായ അന്ത്രയോസ് തന്റെ സഹോദരനായ ശിമോനെ കണ്ടു. വാസ്തവത്തിൽ അന്ത്രയോസ് തന്റെ സഹോദരനായ ശിമോനെ അന്വേഷിക്കുകയായിരുന്നു. N.I.V-ഇതു ശരിയായി പരിഭാഷപ്പെടുത്തിയിരിക്കുന്നത്, 'അന്ത്രയോസ് ആദ്യം ചെയ്തത് ശിമോനെ കണ്ടെത്തുകയായിരുന്നു എന്നാണ്. അന്ത്രയോസ് വളരെ ആവേശത്തിലായിരുന്നു. അവനു യേശു എന്ന മശിഹയെ - ആ നിധി (മത്തായി 13:44) കണ്ടെത്തിയ സന്തോഷം അടക്കുവാൻ സാധിച്ചില്ല. അവൻ സുവിശേഷീകരണം ആരംഭിച്ചു. അവൻ സാക്ഷ്യം പറഞ്ഞ് അവന്റെ സഹോദരനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരികയും അതു ശിമോന്റെ പരിവർത്തനത്തിൽ അവസാനിക്കുകയും ചെയ്തു. അന്ത്രയോസ് സുവിശേഷീകരണം തുടങ്ങുന്നതിനായി 'ദൈവശാസ്ത്രത്തിൽ' ഒരു ബിരുദത്തിനായും കാത്തുനിന്നില്ല. അവന്റെ

സാക്ഷ്യം കൂടുതൽ ഫലപ്രദമാകുവാൻ ഒരു ക്രൂസേഡ് പോലെ ആത്മീയ വരങ്ങളോ ലഭിക്കുവാൻ കാത്തു നിന്നില്ല. അവൻ തന്റെ സഹോദരന്റെ മുമ്പിൽ അവന്റെ ഹൃദയം പകർന്നതേയുള്ളൂ.

സാക്ഷ്യം എന്നാൽ നിങ്ങൾ 'യേശുവിൽ എന്തു കണ്ടു' എന്നു മറ്റുള്ളവരോട് പറയുന്നതാണ്. അതു നമ്മുടെ ഹൃദയത്തിൽ നിന്നുമാണ് ചെയ്യേണ്ടത്. യേശുവിനെ കണ്ടെത്തി ഒരു ദിവസമെങ്കിലും അവനോടൊപ്പം ആയിരുന്നവർക്ക് സാക്ഷ്യപ്പെടുത്താതെ മാറിയിരിക്കാനാവില്ല. അന്ത്രയോസ് യേശുവിനെ കണ്ടെത്തിയതിന്റെ പിറ്റെ ദിവസം രാവിലെ തന്നെ സാക്ഷ്യപ്പെടുത്തി തുടങ്ങി. ചെറിയ കാര്യങ്ങളിൽപോലും വിശ്വസ്തരാകുക എന്നത് വളരെ വലിയ കാര്യമാണ്. അവനു അവന്റെ സഹോദരനായിരുന്നു പ്രാധാന്യം. ഞാൻ കണ്ടെത്തിയ സത്യം, എന്റെ സഹോദരനും കൂടി കാണണം, മനസ്സിലാക്കണം അതായിരുന്നു അവന്റെ മനസ്സിൽ. സാക്ഷ്യം നമ്മുടെ ഉള്ളിൽ നിന്നുമുള്ള ഒരു പ്രേരണയായിരിക്കണം.



അന്ത്രയോസ് ഒരു പക്ഷെ വലിയ പ്രാസംഗികൻ അല്ലായിരിക്കാം. (ചിലപ്പോഴൊക്കെ പ്രസംഗം വാക്കുകൾക്കു പ്രാധാന്യമുള്ള, ബുദ്ധിയുടെ ഒരു വ്യാപാരമാകാറുണ്ട്. എന്നാൽ സാക്ഷ്യം വാക്കുകളുടെ പ്രാധാന്യത്തെക്കാൾ ഹൃദയത്തിൽ നിന്നുള്ളതാകേണം). എന്നാൽ അന്ത്രയോസിന് അഞ്ചപ്പവും രണ്ടു മീനും കൈവശമുള്ള ബാലനെ യേശുവിന്റെ അടുക്കൽ എത്തിച്ചു. [യോഹന്നാൻ 6:8-9]. അതു പോലെത്തന്നെ, അന്ത്രയോസിലൂടെ രൂപാന്തരപ്പെട്ട ആദ്യ വ്യക്തി - അവന്റെ സഹോദരനായ ശീമോൻ പത്രോസ് - തന്റെ ആദ്യ പ്രസംഗത്തിൽ തന്നെ മൂവായിരം പേരെ നേടിയ ഭക്തനായ, ധീരനായ

പ്രസംഗകനായിത്തീർന്നു. പെന്തക്കോസ്താ നാളിലെ ആ വലിയ നേട്ടത്തിന്റെ പ്രതിഫലത്തിന്റെ ഒരു പങ്കു ഇന്ന് അന്ത്രെയാസിനും ലഭിക്കുമെന്നു എനിക്കുറപ്പുണ്ട്.


പ്രാർത്ഥന:

ദൈവമേ; ഏത് സമയത്തും എവിടെയും അങ്ങയുടെ ഒരു സാക്ഷിയായിരിപ്പാൻ എന്നെ സഹായിക്കേണമേ. ആമേൻ.

കൂടുതൽ വായനയ്ക്കായി:

റോമർ 1: 16-20

യോഹന്നാൻ: 4: 28-42.





# ഹെറേഷ്യ ഗേറ്റ്സ് സ്പാഫോർഡ് - നൽ നീരുറവപോൽ

നൽ നീരുറവ പോൽ സമാധാനമോ
അലമാല പോൽ ദുഃഖമോ
എന്തെന്തു വന്നാലും എൻ
ജീവിതത്തിൽ ചൊല്ലും ഞാൻ എല്ലാം
എൻ നന്മയ്ക്കായി...

When peace, like a river, attends all my way,
when sorrows like sea-billows roll,
whatever my path, you have taught me to say,
'It is well, it is well with my soul.'
'It is well with my soul,
it is well, it is well with my soul.'

1873-ൽ അമേരിക്കയിൽ നിന്നും യൂറോപ്പിലേക്കു പുറപ്പെട്ട നെപ്പോളിയൻ III എന്ന കപ്പലിൽ ആണ് പ്രശസ്ത അഭിഭാഷകനും ബിസിനസ്സുകാരനുമായ ഹൊറേഷ്യ ഗേറ്റ്സ് സ്പാഫോർഡിന്റെ ഭാര്യയും നാലു പെൺകുട്ടികളും യാത്രയായത്.

1871-ലെ ഗ്രേറ്റ് ചിക്കാഗോ ഫയർ എന്നറിയപ്പെടുന്ന 'തീ' ചിക്കാഗോ നഗരത്തെ നക്കിത്തുടച്ചപ്പോൾ സ്പാഫോർഡ് എന്ന ബിസിനസ് സാമ്രാട്ടിനെയും വെറുതെ വിട്ടില്ല. നോക്കിനിൽക്കെ സകലതും കൺമുൻപിൽ എരിഞ്ഞടങ്ങി. ശാന്തമായി ഒഴുകിയ നദിയെ അനുസ്മരിക്കും പോലെയുള്ള കുടുംബാന്തരീക്ഷത്തിൽ കാർമേഘങ്ങൾ പൊടുന്നനവെ പ്രത്യക്ഷമായി. ഒരു പനി ബാധിച്ചു തന്റെ ഏക മകൻ രണ്ടാം വയസ്സിൽ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. വസ്തുവകകളും ബിസിനസ് സാമ്രാജ്യവും എല്ലാം ____, നഷ്ടമായ സ്പാഫോർഡും കുടുംബവും ലോകപ്രശസ്ത സുവിശേഷകൻ D.L. മൂഡിയോടും പാട്ടുകാരൻ സാങ്കിയോടും ചേർന്ന് സുവിശേഷ പ്രവർത്തനത്തിനു ചുമൽ കൊടുക്കുവാനായി യൂറോപ്പിലേക്ക് പോകുവാൻ തീരുമാനിച്ചു. ഒഴിവാക്കാനാവാത്ത സാഹചര്യം മുൻപിൽ വന്നതിനാൽ തന്റെ കുടുംബത്തെ മാത്രം അയച്ചിട്ടു സ്പാഫോർഡ് അമേരിക്കയിൽ ഒരാഴ്ച കൂടെ തങ്ങിയിട്ടു അവരോടു ചേരുവാൻ ആഗ്രഹിച്ചു.

313 യാത്രക്കാരുമായി യൂറോപ്പ് തീരത്തേക്ക് യാത്രയായ വിൽ ഡ്യൂ ഹാവർ എന്ന ഫ്രഞ്ച് കപ്പൽ അറ്റ്ലാന്റിക് സമുദ്രം മുറിച്ചു കടക്കുമ്പോൾ ഒരു സ്കോട്ടിഷ് -

കപ്പലുമായി കൂട്ടിമുട്ടി തകർന്നു. നാലു പെൺമക്കളെയും
രക്ഷിക്കുവാനുള്ള അന്നയുടെ ശ്രമം വിഫലമായി. ആഴിയിലവ-
രെ കരസ്ഥമാക്കുന്നതു നോക്കി നിൽക്കുവാൻ മാത്രമെ
നിരാലംബയായ ആ മാതാവിനു കഴിഞ്ഞുള്ളൂ...
"SAVED ALONE" എന്ന കമ്പി വാചകം കയ്യിലെത്തിയ
സ്പാഫോർഡ് വിറങ്ങലിച്ചു പോയി. ഏറ്റവും അടുത്ത
കപ്പലിൽ തന്നെ സ്പാഫോർഡ് തന്റെ പങ്കാളിയെ തേടി
യാത്രയായി. വിറങ്ങലിച്ച മനസ്സുമായി യാത്ര ആരംഭിച്ച
സ്പാഫോർഡ് അറ്റ്ലാന്റിക് സമുദ്രം താണ്ടവെ സ്പാഫോർ
ഡിനെ കപ്പലിന്റെ ക്യാപ്റ്റൻ തന്റെ ക്യാബിനിലേക്കു
വിളിപ്പിച്ചു. എന്നിട്ടു പറഞ്ഞു 'മി. സ്പാഫോർഡ് ഇത്
സമുദ്രത്തിന്റെ അഗാധതയിലേക്കാണ് നിങ്ങളുടെ പിഞ്ചോമ-
നകൾ മുങ്ങിത്താണത്. രണ്ടാം വയസ്സിലെ ഏക മകനും നാലു
പെൺകുട്ടികളെയും നഷ്ടമായ പിതാവിനെ തന്റെ സ്വർഗ്ഗീയ
പിതാവ് ആശ്വസിപ്പിക്കുന്നതായി അനുഭവപ്പെട്ടു.
ഒരു പേപ്പറും പേനയും എടുത്ത് അദ്ദേഹം
ഇങ്ങനെ കുറിച്ചു വച്ചു.

"When peace, like a river, attendeth
my way,
When sorrows like sea billows roll,
Whatever my lot, thou hast taught me
to say,
It is well, it is well with my soul"

"നൽ തീരുറവ പോൽ സമാധാനമോ
അലമാല പോൽ ദുഃഖമോ
എന്തെന്തു വന്നാലും എൻ
ജീവിതത്തിൽ ചൊല്ലും ഞാൻ എല്ലാം
എൻ നന്മയ്ക്കായി"

പണവും വീടും വസ്തുവകകളും കുഞ്ഞുങ്ങളും നഷ്ടമായപ്പോഴും ദൈവഹിതത്തിനായി തന്നെത്തന്നെ സമർപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പ്രിയരെ, ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലതും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ, അസ്തമിപ്പാറായ ജീവിതത്തിൽ കൂടെ പാർത്ത യേശു സകലതും നന്മയ്ക്കായി മാത്രം ചെയ്യുന്നു. ഒന്നര നൂറ്റാണ്ടിനു ശേഷവും ഈ ഗാനം അനേകരെ സ്പർശിക്കുന്നുവെങ്കിൽ അതിനു പിന്നിൽ പ്രവർത്തിച്ച ദൈവിക കരം ചെറുതല്ല...

ഷിബു ഡാനിയേൽ

# നസ്രായേൻ

ഒരു കണ്ണിനും ദയയില്ലാത്തതായി എന്നു തോന്നാം,
കരുണ വറ്റിയ മുഖങ്ങളെ വഴിയാത്രയിൽ ഉടനീളം കണ്ടെത്താം...
ചാട്ടവാറിന്റെ ശീൽക്കാരം പുറത്തെ ഉഴവു ചാലാക്കാം
ചെയ്യാത്ത കുറ്റങ്ങൾ നിരത്തി പരിഹസിക്കാം...



## കവിത.

### നസ്രായേൻ.

ഒരു കുഞ്ഞിനും ദയയില്ലാത്തതായി എന്നു തോന്നാം.
കരുണ വറ്റിയ മുഖങ്ങളെ വഴിയാത്രയിൽ -
ഇടനീളം കണ്ടെത്താം.
ചാട്ടവാറിന്റെ ശീൽക്കാരം പുറത്തെ ഉഴവു ചാലാക്കാം.
ചെയ്യാത്ത കുറ്റങ്ങൾ നിരത്തി പരിഹസിക്കാം...
മരിക്കേണ്ടവനെന്ന ശബ്ദം ഉയർന്ന കണ്ഠം
ഇന്നലെ കൈപിടിച്ചുവർത്തിയവന്റേതെന്നു തിരിച്ചറിയാം...
മുഖത്തു പാറി വീണ തുപ്പൽ സ്നേഹിതന്റേതാണല്ലോ -
എന്നു നെടുവീർപ്പെടാം...
കാൽവറിയിലേക്കുള്ള ദൂരം ഇനിയും അകലെയെന്നു -
തിരിച്ചറിയാം...
നീർച്ചാലുകളായി ഒഴുകിയ കൺപീലികൾക്കിടയിൽ
നസ്രായന്റെ മുഖം ദർശിക്കാം...



ബ്രദർ. ബെന്നി ജോർജ് മണലി



# യോവേലിലൂടെ ദൈവം നമ്മോടു പറയുന്നത്

നാം പ്രവർത്തിക്കേണ്ട സമയമാണ്.
നാം നിറഞ്ഞവരായി നമ്മുടെ കർത്തവ്യത്തിനായി ഒരുങ്ങുക.
യരുശലേമിലും യഹൂദിയിലും ശമര്യയിലും
ലോകത്തിന്റെ അറ്റത്തോളവും ഏറ്റവും വേഗത്തിൽ
അവന്റെ നാമത്തെ ഉയർത്തുവാനുള്ള സമയമായി.
അവന്റെ രക്ഷയും സാക്ഷ്യവും അനേകരെ
നിത്യനരകത്തിൽ നിന്നും
നിത്യമായ സ്വർഗ്ഗത്തിലേക്ക് നടത്തുവാനുള്ള സമയമായി.
അതെ നമ്മുടെ കർത്താവു വരാറായി...
അവന്റെ വരവ് നിശ്ചയമായും
അടുത്തിരിക്കുന്നു ...



ജോവേലിലൂടെ ദൈവം നമ്മോടു പറയുന്നത്.

ഈ ലോകവും അതിലുപരി മനുഷ്യവർഗ്ഗവും ഒരു പ്രതിസന്ധിയിലൂടെ ആണ് കടന്നുപോകുന്നത്. നമ്മുടെ അസ്ഥിത്വം തന്നെ ഈ ലോകത്തിൽ നിന്നും തുടച്ചു മാറ്റപ്പെട്ടേക്കാമെന്ന ആശങ്കയിലാണ് നാം. ലോക, മത നേതാക്കൾ പ്രശ്നത്തിനു പരിഹാരമില്ലാതെ നെട്ടോട്ടമോടുന്നു. എന്നാൽ പ്രത്യാശയുള്ള ദൈവമക്കൾ ക്രിസ്തുവിന്റെ വരവിനായി ഒരുങ്ങുകയാണ്. അവന്റെ വരവു ഏറ്റവും അടുത്തെന്ന് നാം വിശ്വസിക്കുന്നു. എന്നാലും ഈ കാലഘട്ടത്തിലും ദൈവമക്കൾ നമ്മുടെ ദൈവിക നിയോഗങ്ങളെ തിരിച്ചറിഞ്ഞ് അവന്റെ വരവിനായി സമസൃഷ്ടികളെ ഒരുക്കേണം.

ഈ ലോകത്ത് ഒന്നും സ്ഥായിയല്ലെന്നും ശേഷിക്കില്ലെന്നും ജോവേൽ 1:4-ൽ നമ്മെ ഓർപ്പിക്കുന്നു. നമ്മുടെ അധ്വാനമോ പ്രവർത്തനങ്ങളോ നമ്മെ നിലനിർത്തില്ല. എന്തിനധികം ആരാധനാലയങ്ങൾ പോലും നമുക്ക് അന്യമാകുന്നു. [1:9] അതെ കർത്താവു നമ്മിൽ വസിക്കട്ടെ. മനുഷ്യൻ പണിത മൺകൂടാരങ്ങളിലല്ല. ദൈവം പണിത മൺകൂടാരങ്ങളിൽ അധിവസിക്കട്ടെ. ജോവേൽ പ്രവാചകൻ ക്രിസ്തുവിനു മുൻപ് B.C. 835-ൽ യഹൂദയിലെ ആശേറിന്റെയും ഗാദിന്റെയും അതിർത്തി ഗ്രാമമായ ബേത്ത് ഹാരാൻ എന്ന കൊച്ചു ഗ്രാമത്തിൽ വച്ച് സാധാരണക്കാരനായ ഒരു മനുഷ്യനിലൂടെ ദൈവം വിളിച്ചു പറഞ്ഞതാണ്. അത് ഇപ്പോൾ അണുവിട വ്യത്യാസമില്ലാതെ സംഭവിക്കുന്നു. ഭക്ഷണവും പാനീയവും മനുഷ്യന് അന്യമാകുമെന്ന് അന്നേ പ്രവചിച്ചിരുന്നു. ഇന്ന് മനുഷ്യർ സൂപ്പർ മാർക്കറ്റുകളിൽ നീണ്ട വരികളായി നിൽക്കുമ്പോൾ അത് തന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. നാം ഒന്നും വിചാരിച്ചിട്ടുണ്ടാവില്ല ഈ കാലഘട്ടത്തിൽ, പ്രത്യ

കിച്ചു ശാസ്ത്രവും, ആരോഗ്യ പരിപാലന മേഖലയും ഇത്ര കണ്ടു വികസിച്ച സമയത്തും ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന്. എന്നാൽ സ്വന്ത പുത്രനെപ്പോലും, സ്വന്ത സൃഷ്ടിയുടെ മോചനത്തിനായി വിട്ടുകൊടുത്ത സൃഷ്ടാവു നമ്മെ കൈവെടിയുകയില്ല എന്നു നമുക്ക് വിശ്വാസമില്ലേ?

വിലപിക്കുവാനും, മാനസാന്തരപ്പെടുവാനും, ഉപവസിച്ച് ദൈവത്തിലേക്കു മടങ്ങിവരുവാനും പ്രവാചകനിലൂടെ വിളിച്ചുപറഞ്ഞത് എല്ലാ കാലത്തേക്കുമല്ലേ? [യോവേൽ 2:12-13]

പുരോഹിതരും, മൂപ്പൻമാരും, അതുപോലെ വിശ്വാസ ജനങ്ങളും ഉപവാസത്തോടെ ദൈവസന്നിധിയിലേക്കു തിരിയുവാൻ ദൈവം കല്പിക്കുന്നു. കാരണം 'യഹോവയുടെ ദിവസം' അടുത്തിരിക്കുന്നു. വരൾച്ചയും വിനാശങ്ങളും മഹാമാരികളും അവന്റെ വരവിനായുള്ളതു തന്നെ! [യോ. 1:15, 2:2]

പൂർണ്ണ ഹൃദയത്തോടും, ഉപവാസത്തോടും, കരച്ചിലോടും, വിലാപത്തോടും, രക്ഷകനിലേക്കു തിരിയുവാനുള്ള കല്പന ദൈവം വീണ്ടും വീണ്ടും നൽകുന്നു. അവൻ ദീർഘക്ഷമയുള്ളവനും മഹാദയാലുവുമാണല്ലോ. അവന്റെ പ്രവർത്തി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ടല്ലോ. ഒരു സമ്പൂർണ്ണ തിരിച്ചുവരവു അത് അതുപോലെ വിശ്വാസ ജനങ്ങളിലുമുണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു. എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങളും ഉപവാസത്തോടെ ഹൃദയം തുറന്നു തിരിഞ്ഞു വന്നു അനുതപിക്കുവാൻ ദൈവം കല്പിക്കുന്നു. ഇന്നു പല രാജ്യങ്ങളിലും സംഭവിക്കുന്നതും ഇതു തന്നെയല്ലേ. ലോക സുഖങ്ങളിൽ മുഴുകിയ ജനം ദൈവത്തിലേക്കു തിരിയുന്നു. ദൈവം ആഗ്രഹിക്കുന്നത് യഥാർത്ഥ മാനസാന്തരവും തിരിച്ചുവരവും തന്നെ. അവങ്കലേക്ക് തിരിഞ്ഞാൽ അവൻ നമുക്ക് മനസ്സും ശുഭവും ദാഷ്ക്കില്ല. കാരണം അവൻ സൃഷ്ടാവും വീണ്ടെടുപ്പുകാരനുമാണ്. നാം അവന്റെ സ്വന്തജനവും. ഉപവാസത്തിന്റെയും കണ്ണുനീരിന്റെയും, നോമ്പിന്റെയും ഫലം നമുക്കു തരുമെന്നു യോവേൽ വിവരിക്കുന്നു. നാം മനംതിരിഞ്ഞാൽ ഇന്നത്തെ

അവസാനം ദൈവം നിശ്ചയമായും വരും. എല്ലാ പ്രശ്നവും മാറി പരിഹാരത്തിലേക്കു ദൈവം നിശ്ചയമായും നടത്തും. ഒരു കൊടുങ്കാറ്റിനു ശേഷമുള്ള ശാന്തത നിലവിൽ വരും നിശ്ചയം. മുൻമഴയും പിൻമഴയും അയച്ചു, നമ്മുടെ, തുള്ളനും വെട്ടുക്കിളിയും പച്ചപുഴുവും തിന്നതിനു പകരമായി നൻമകൾ ചൊരിയും.

ഇനിയും സംഭവിക്കുവാനുള്ളത് ഒരു ആത്മ പകർച്ചയാണ്. ഉപവാസത്തോടും പ്രാർത്ഥനയോടും നാം അവനിലേക്ക് തിരിയുമ്പോൾ, നമ്മുടെ ഭൗതിക നൻമകളും സ്ഥിതികളിലും ദൈവം പ്രവർത്തിക്കുന്നതിനപ്പുറമായി ആത്മിക നൻമകളും ഒരുക്കും. അതെ പുതിയ ഒരു ശക്തി. ഒരു ആത്മാവിന്റെ പകർച്ച നമ്മെ കാത്തിരിക്കുന്നു. [പ്രവൃ: 2:17][യോ: 2:28] നമ്മെ ആത്മാവിനാൽ നിറയ്ക്കുന്ന ദൈവം ഒരു ദൗത്യത്തിനായിട്ടാണ് നമ്മെ ഒരുക്കുന്നത്. ഈ ശക്തിയാൽ നാം ലോകത്തുള്ള സകലരോടും കർത്താവിനെ കുറിച്ച് ഘോഷിക്കുവാനും രക്ഷ സർവ്വ മനുഷ്യരിലും എത്തിക്കുവാനും നിത്യനരകത്തിൽ നിന്നും വിടുവിക്കുവാനുമുള്ള സമയമാണ്. _ [പ്രവൃ: 1:8]

അതെ, നാം പ്രവർത്തിക്കേണ്ട സമയമാണ്. നാം നിറഞ്ഞവരായി നമ്മുടെ ..., കർത്തവ്യത്തിനായി ഒരുങ്ങുക. യെരുശലേമിലും യഹൂദയിലും ശമര്യയിലും ലോകത്തിന്റെ അറ്റത്തോളവും ഏമാവും വേഗത്തിൽ അവന്റെ നാമത്തെ ഉയർത്തുവാനുള്ള സമയമായി. അവന്റെ ശക്തിയും സാക്ഷ്യവും അനേകരെ നിത്യനരകത്തിൽ നിന്നും നിത്യമായ സ്വർഗ്ഗത്തിലേക്ക് നടത്തുവാനുള്ള സമയമായി. അതെ നമ്മുടെ കർത്താവ് വരാറായി. അവന്റെ വരവ് നിശ്ചയമായും അടുത്തിരിക്കുന്നു.

ഷിബു ഡാനിയേൽ



# ഗന്നസരേത്തിൽ നിന്നു തിബര്യാസിലേക്ക്

എന്നെയും കണ്ടുമുട്ടിയ ഗെന്നസരെത്തു തടാക കരയിൽ
വിളിപ്പേരുമാത്രം മാറിയ തിബേരിയോസ് കടൽക്കരയിലാണ്
വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഞാനുമെന്നു
തിരിച്ചറിയുകയായിരുന്നു.
ശീമോന്റെ തോളിൽ കയ്യിട്ടു അവനെ ചേർത്തു പിടിച്ചു
മുൻപോട്ടു നടന്ന പ്രാണനാഥനെ കണ്ടപ്പോൾ പുറകിൽ നിന്നു
ഞാനും അലറിക്കരഞ്ഞു... നാഥാ ഞാനുമറിയുന്നില്ല,
നിന്നെ സ്നേഹിക്കുന്നുവോ എന്ന് ...
നിന്നോടുള്ള സ്നേഹം നിർവ്യാജമാണോയെന്നു പോലും
തിരിച്ചറിയാത്ത നിസ്സഹായാനാണു ഞാൻ...



## ഗന്നേസറെത്തിൽ നിന്ന് തിബേര്യാസിലേക്ക്...

ഗന്നേസറെത്തു തടാകത്തിന്റെ പ്രഭാതങ്ങൾ മനോഹരമാണ്. അവിടെനിന്നാണ് കടൽക്കരയിലുള്ളവരുടെ ഓരോ ദിവസത്തെയും സ്വപ്നങ്ങൾക്കു നിറം വയ്ക്കുന്നത്. പടകിലുള്ളവരുടെ രാത്രി മുഴുവനുമുള്ള കഠിനാധ്വാനമാണ് അവരുടെ സ്വപ്നങ്ങൾക്കു ചിറകുപിടിപ്പിക്കുന്നത്. രാത്രി മുഴുവനുമായുള്ള കഠിനാധ്വാനം പടകിലുള്ളവരുടെ മാത്രമല്ല അതിനെ ചുറ്റിപ്പറ്റി നിൽക്കുന്നവരുടെയെല്ലാം കൂടിയാണ് ജീവിതം കരുപ്പിടിപ്പിക്കുന്നത്.

അന്നത്തെ പ്രഭാതം പതിവിലേറെ മനോഹരമാണെന്നു എനിക്കു തോന്നി. മത്സ്യകുമ്പാരങ്ങളുടെ ഇടയിലുള്ള തിക്കും തിരക്കുമല്ല നസ്രായന്റെ വാക്കുകൾക്ക് കാതോർക്കുവാനുള്ള തിക്കും തിരക്കും. നസ്രായന്റെ വാക്കുകൾക്കു ചെവികൊടുത്തവർക്കു ഈ പ്രഭാതം ആനന്ദകരമായെങ്കിലും പടകും മുക്കുവരും മ്ലാനതയിലായിരുന്നു. നിരാശയോടെ വല കഴുകുന്ന മുക്കുവരെ താണ്ടിയാണ് യേശു ശീമോന്റെ പടകിൽ കയറിയത്. പ്രസംഗമവസാനിപ്പിച്ചു യേശു കർത്താവ് ആദ്യം ചെയ്തത് രാത്രിമുഴുവനുമുള്ള കഠിനാധ്വാനത്തിനു ഫലമില്ലാതെ നിരാശയിലാഴ്ന്ന പത്രോസിനെ സമാധാനിപ്പിക്കുക എന്നതായിരുന്നു. കഠിനാധ്വാനം ശരീരത്തിനു ക്ഷീണം വരുത്തുമെങ്കിലും പ്രയത്നം ഫലം കണ്ടാൽ ശരീരക്ഷീണം മനസ്സിനെ തളർത്തില്ല. ഫലം വിപരീതമാണെങ്കിൽ അതായത് പ്രതീക്ഷിച്ചതു പോകട്ടെ ശൂന്യവുമാണെങ്കിൽ ശരീരത്തിനൊപ്പം തളർച്ച ബാധിക്കുന്നതു മനസ്സിനെ കൂടിയായിരിക്കും. ശരീര തളർച്ച ഒരു വിശ്രമത്തിനു ശേഷം വീണ്ടെടുക്കാമെങ്കിലും മനസ്സിന്റെ ആയാസം വിശ്രമത്തിലൂടെ നേടാനാവില്ല. അതിനു തക്കതായ ആശ്വാസം വേണ്ടിവരും. അങ്ങനെ മനസ്സും ശരീരവും ഒരുപോലെ തളർന്നിരുന്ന ശീമോന്റെ പടകിലാണ് ഒരു സുവിശേഷമഹായോഗം

നടന്നത്. മ്ലാനമായി മുഖത്തോടു പടകിലുണ്ടായിരുന്ന പത്രോസി-നോടു കർത്താവു പറഞ്ഞു "ആഴത്തിലേക്കു നീക്കി മീൻപിടിത്ത-ത്തിനു വല ഇറക്കുവിൻ" ശരീരവും മനസ്സും തളർന്നിരുന്ന ശിമോൻ ഒരു ആശ്വാസകനെ കണ്ടുമുട്ടിയ ആശ്വാസത്താൽ പരിഭവങ്ങളുടെ ഭാണ്ഡം അഴിച്ചു. "നാഥാ, രാത്രി മുഴുവനും ഞങ്ങൾ അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിനാൽ ഞാൻ വല ഇറക്കാം..." വാക്കിനു വില കല്പിച്ചവൻ നിരാശനാകേണ്ടി വന്നില്ല. വലകീറുമാറു മത്സ്യം... നിരാശയോടു അടുത്തുകിടന്ന പടകിനും കിട്ടി മുങ്ങുമാറ്. മീൻ കിട്ടിയ അത്ഭുതം സങ്കല്പങ്ങളിലും പ്രതിഫലിച്ചെങ്കിലും ഇപ്പോൾ ഞെട്ടിയത് കർത്താവാണ്. പെരുത്ത മീൻകൂട്ടം കിട്ടിയതിന്റെ നന്ദിപ്രകടനമല്ല പരിശുദ്ധ മഹത്വവാനായ ദൈവം തന്റെ മുൻപിൽ നിൽക്കുന്നതു ദർശിച്ച മഹാപാപിയുടെ അലറി കരച്ചിൽ... പടകു നിറഞ്ഞില്ലെങ്കിലും എന്നും പട്ടിണി-യാണെങ്കിലും രാത്രിമുഴുവനുമായുള്ള കഠിനാദ്ധ്വാനമാണെങ്കിലും നീ ഈ വഴി വരണ്ടാ... നിന്റെ മുൻപിൽ നിൽക്കുവാനുള്ള ത്രാണി എനിക്കില്ല. എന്റെ പാപങ്ങളെ കാണാതെവണ്ണം നിന്റെ മുഖം മറയ്ക്കണം. നീ പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നതു സത്യമാണെങ്കിലും എനിക്കു നിന്റെ മുൻ-പിൽ നിൽക്കുവാനുള്ള കെല്പില്ല.. ഞാനെന്തായിരിക്കുന്നു-വോ, അതു പോലെത്തന്നെ അറിയുന്ന നാ-ഥാ എങ്കൽ നിന്നു മാറേണമേ...



എല്ലാ ദിവസവും ഈ വഴി വന്നു എന്റെ പടകു ഇപ്രകാരം നിറച്ചു എന്നെയും കൂടെയുള്ളവരെയും സന്തോഷിപ്പിക്കണമെന്നാണ് പറയുവാൻ പോകുന്നതെന്നു വിചാരിച്ചു നിന്ന എന്നെ ശിമോൻ നിരാശയിലാഴ്ത്തി.

കർത്താവു അവനു ഉറപ്പു കൊടുത്തു നീ ഭയപ്പെടുന്നതു പോലെ നിന്നെ ശിക്ഷിക്കുവാനല്ല ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്. നിന്റെ

ജോലിയിൽ ഞാൻ മാറ്റം വരുത്തുവാനാണ്. "നീ ഇന്നു മുതൽ മനുഷ്യരെ പിടിക്കുന്നവനാകും."

മഹത്വവാനായ ദൈവമാണ് തന്റെ പടകിൽ നിൽക്കുന്നത് എന്ന വലിയ വെളിപാട് ലഭിച്ചില്ലായിരുന്നുവെങ്കിൽ അത്ഭുതങ്ങളിലൂടെ ജീവിച്ചു ലോകമോഹങ്ങളിലേക്കു കുടുങ്ങിപോകുവാൻ സാധ്യത നിലനിൽക്കുമ്പോഴാണ് ദൈവത്തിന്റെ മഹാകൃപയാൽ പത്രോസിന്മേൽ നിയോഗം ഭരമേല്പിക്കപ്പെടുന്നത്. മനുഷ്യരെ പിടിക്കുന്നവരാകുവാനുള്ള മഹാനിയോഗം. പത്രോസിന്റെ ജീവിതം നിരീക്ഷിച്ചാൽ കാണുവാൻ കഴിയുന്നത്, അതിസാധാരണക്കാരനായ ഒരു മനുഷ്യനെയാണ്. സന്തോഷം വരുമ്പോൾ പെട്ടന്നു സന്തോഷിക്കുകയും പ്രതികൂലങ്ങൾ വരുമ്പോൾ പൊടുന്നനെ വാടിപോകുകയും പരീക്ഷയിൽ പെട്ടന്നു ഇടറിപോകുകയും ചെയ്യുന്ന സാധാരണ മനുഷ്യൻ.

ജീവിതസന്ധാരണത്തിനു ആശ്രയമായിരുന്ന മധുരിക്കുന്നതും കയ്ക്കുന്നതുമായ അനേക സ്വപ്നങ്ങൾ സമ്മാനിച്ച പടകും വലയും ഉപേക്ഷിച്ചാണ് ഗന്നേസരത്തിൽ നിന്നു നാഥന്റെ കൂടെയുള്ള യാത്ര ആരംഭിക്കുന്നത്.

തിബെര്യാസ് കടൽക്കരയിലേക്കുള്ള യാത്രയുടെ ദൈർഘ്യം മൂന്നു വർഷമായിരുന്നു. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും വീര്യപ്രവർത്തികളുടെയും വചന പ്രഘോഷണത്തിന്റെയും ഇടയിലൂടെയാണ് ഈ യാത്ര നടന്നു തീർക്കുന്നത്. ഒരുമപ്പെടുത്തലുകൾ, ഒറ്റപ്പെടുത്തലുകൾ പരിഹാസങ്ങൾ, പരിഭവങ്ങൾ എല്ലാം നിറഞ്ഞതായിരുന്നു ഈ യാത്ര. നിത്യജീവന്റെ മൊഴികൾ ചൊല്ലുന്നവനെയാണ് പിന്തുടരുന്നതെന്നും സാക്ഷാൽ അവൻ ദൈവപുത്രനാണെന്നുമുള്ള ജഡരക്തങ്ങൾക്കു മനസ്സിലാകാത്ത ദൈവിക വെളിപാടോടുകൂടിയാണ് ഈ യാത്ര മുൻപോട്ടു പോയത്.

നിർമ്മിച്ചെടുത്ത ഒരുപാടു കഥകളുടെ നടുവിലായിരുന്നില്ല. മഹിമയുടെ, ശോഭയുടെ തൊട്ടടുത്ത

നിന്നു ദർശിച്ചവരായി, സാക്ഷികളായി "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രനെന്നുള്ള വിളി അതിശ്രേഷ്ഠതേജസ്സിങ്കൽ നിന്നും കേട്ടവനായിരുന്ന പത്രോസ്.

ഭൂതങ്ങൾ യേശുവിന്റെ നാമത്തിൽ കീഴടങ്ങുന്നതിലെ സന്തോഷം മറച്ചുവയ്ക്കാത്തവൻ, കടലിൻമീതെ നടന്നുവരുന്ന യേശുവിനോടൊപ്പം നടക്കുവാൻ ധൈര്യം കാണിച്ചവൻ, അയ്യായിരവും ഏഴായിരവുമായി പുരുഷാരത്തിനു ഭക്ഷണമായി അപ്പവും മീനും കൊണ്ടു പരിപോഷിപ്പിച്ചു ബാക്കിയെടുക്കുവാൻ കൂടെകൂടിയവൻ. യേശുവിനെക്കുറിച്ചുള്ള അതികരുതലിനാൽ മരണത്തെയും കഷ്ടതയെയും ഒഴിവാക്കുവാൻ ആവശ്യപ്പെട്ടു ശാസന മേടിച്ചവൻ. നാഥനോടുള്ള അതിസ്നേഹത്താൽ യേശുവിന്റെ ദേഹത്ത് കൈവച്ചവന്റെ വലതുകാതു വെട്ടിത്താഴെയിട്ടവൻ... മൂന്നര വർഷം ചെറിയ കാലഘട്ടമായി നമുക്കു തോന്നാമെങ്കിലും പത്രോസും കൂട്ടരും നടന്നുതീർത്ത വഴികൾ നിസ്സാരമല്ല. വിശ്രമമില്ലാത്ത ഓട്ടമായിരുന്നു. ഒടുക്കം ബാല്യക്കാരത്തികളുടെ ഇടയിൽ വച്ചു ആത്മനാഥനെ എല്ലാവരും കേൾക്കെ തള്ളിപ്പറഞ്ഞു. പത്രോസിന്റെ പുറകെ നടന്നു ശ്രമിച്ചാൽ മൂന്നരവർഷം ഒരു സാധാരണ മനുഷ്യന്റെ ചേഷ്ടകൾ എല്ലാം പിന്തുടരുന്ന ഒരു നിഷ്കളങ്കനായ മനുഷ്യൻ.

തന്റെ ശുശ്രൂഷ അവസാനിച്ചു, ഈ ലോകത്തു തന്റെ കൂടെ നടക്കുവാൻ മറ്റുപേരെ വേണമായിരുന്നു അതായിരുന്നു തന്നെ ഏല്പിച്ചുള്ള ദൗത്യമെന്നു വിചാരിച്ചു വീണ്ടും പഴയ വലയും വള്ളവുമായി ഗന്നേസരെത്തു തടാകത്തിൽ നിന്നു അന്നന്നത്തെ അന്നത്തിനായി വിളിച്ചിറക്കിയവർ അവരെയെല്ലാം കൂട്ടി പഴയപണിക്കിറങ്ങി. മനുഷ്യരെ പിടിക്കുവാനുള്ള ദൗത്യമവസാനിച്ചു വീണ്ടും മത്സ്യബന്ധനത്തിന്.

ജീവനോടെയിരുന്നപ്പോൾ നിക്ഷേപിക്കുവാനുള്ള പണം കയ്യിലില്ലാത്തവനാണ്. പാമ്പുകൾക്കും പറവകൾക്കും മാളവും ആശ്രയങ്ങളും ഉണ്ടെന്നും മനുഷ്യപുത്രനോ തല



ചാടിക്കുവാൻ. സ്വയം തോന്നുമാത്രമേയുള്ളൂ
എന്നാ കണ്ടതല്ലേ... ഇനിയും പഴയ പണിക്കു
പോയില്ലെങ്കിൽ കുടുംബം പട്ടിണിയായിപ്പോകും.
മൂന്നര വർഷത്തിനു ശേഷവും അതേ
കടൽക്കര, അന്നത്തെപോലെ തന്നെയുള്ള
കഠിനാദ്ധ്വാനം, അന്നത്തെ പഴയ കൂട്ടുകാർ,
നിരാശയും പഴയതുപോലെ തന്നെ. ശൂന്യത
മാത്രം പടകിൽ... ആദ്യ കാഴ്ചയിലെപോലെ
തന്നെ സകലതും വീണ്ടും ആവർത്തിക്ക
പ്പെടുന്നു.

മരണം കൊണ്ടു സകലതും അവസാനിച്ചെന്നു വിരോ
ധിക്കും കുരിശുയർത്തിയവരും വിധിയെഴുതിയിടത്തു, ഗലീലി കട
ൽക്കരയിൽ നിന്നു താൻ അവരെ ശുശ്രൂഷയ്ക്കു നിയമിച്ചോ
അതേ കടൽക്കരയിൽ നിന്നു വീണ്ടും തിരികെ അവരെ കാണു
ന്നു. കഠിനാദ്ധ്വാനത്തിന്റെ ബാക്കിപത്രമായ ശൂന്യത
മാത്രം തങ്ങി നിൽക്കുന്ന പടകിൽ നിന്നും മങ്ങിയ സ്വപ്ന
ങ്ങൾക്കു വർണ്ണങ്ങൾ പകർന്നു ധാരണനായവൻ വീണ്ടും വിളിക്കു
ന്നു, "ശീമോനെ, വന്നു പ്രാതൽ കഴിച്ചാലും...

വള്ളവും വലയും ഒരിക്കലുപേക്ഷിച്ചിടത്തു നിന്നു
തപ്പിയെടുത്തു വീണ്ടും പഴയ പണിക്കു പോയവൻ, ഇന്നു
രാത്രിയിൽ മരിച്ചു വീഴേണ്ടിവന്നാലും തള്ളിപ്പറയില്ലെന്നു
വീരവാദം മുഴക്കിയവൻ... "ഇവരിലധികമായി എന്നെ സ്നേഹി
ക്കുന്നുവോ" എന്ന ചോദ്യത്തിനു മുൻപിൽ വിയർക്കുന്നു...

ആരൊക്കെ നിന്നെ ശുശ്രൂഷ ചെയ്യുവാൻ മടി
ച്ചാലും നിന്റെ കാൽ കഴുകുവാൻ അനുവദിച്ചു നിന്നോ
ടുള്ള ബഹുമാനം ഇല്ലാതാകുകയില്ലായെന്നു പറഞ്ഞവൻ
"ഇവരിലധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന ചോദ്യ
ത്തിനു മുൻപിൽ നിന്നു പരുങ്ങുന്നു.


ഗന്നേസറത്തു തടാകക്കരയിൽ കാലിൽ വട്ടം പിടിച്ച
ശീമോനെ ഒരിക്കൽകൂടി യേശുനാഥൻ കാണുകയായിരുന്നു. എന്റെ
പടകിൽ നിന്നും ഇറങ്ങിപ്പോ... നിന്റെ മുൻപിൽ നിൽക്കുവാ-

നന്ദ് ത്രാണിയില്ലാത്ത മഹാപാപിയാണെന്നുള്ള ഏറ്റുപറച്ചിൽ
നടത്തിയ ശിമയോനെ ഒരിക്കൽകൂടി യേശു ദർശിച്ചു...

മൂന്നാമതും ശിമയോനെ, ഇവരിൽ അധികമായി നീ
എന്നെ ഇഷ്ടപ്പെടുന്നുവോ എന്ന ചോദ്യം ആവർത്തിക്കുവാൻ
സമ്മതിക്കാതെ, ദുഃഖം നിയന്ത്രിക്കാനാവാതെ വിളിച്ചു പറഞ്ഞു,
നാഥാ, നിന്നോടുള്ള സ്നേഹം നിർവ്യാജമാണോയെന്നു പോലും
അറിയാത്ത നിസ്സഹായനാണ് ഞാൻ... നീ സകലതും അറിയുന്നു...

എന്നെയും കണ്ടുമുട്ടിയ ഗന്നേസറേത്തു തടാകക്കര
യിൽ വിളിച്ചപ്പോൾ മുതൽ മറിയ തിബേര്യാസ് കടൽക്കരയിലാ
ണ് വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഞാനതെന്ന തിരിച്ചറിയു
കയായിരുന്നു. ശിമയോന്റെ തോളിൽ കയ്യിട്ടു അവനെ ചേർ
ത്തു പിടിച്ചു മുമ്പോട്ടു നടന്ന പ്രാണനാഥനെ കണ്ടപ്പോൾ
പുറകിൽ നിന്ന ഞാനതേറ്റുപറഞ്ഞു... നാഥാ ഞാനറിയുന്നി
ല്ല, അധികമായി നിന്നെ സ്നേഹിക്കുന്നുവോ എന്ന്... നിന്നോടു
ള്ള സ്നേഹം നിർവ്യാജമാണോയെന്നു പോലും തിരിച്ചറിയാത്ത
നിസ്സഹായനാണ് ഞാൻ...

പ്രതിസന്ധിവന്നപ്പോൾ, ജീവിതസാഗരത്തിന്റെ കയ്പുകൂടെ ഏറു
ന്നു ഒന്നും കാണാതെ വന്നപ്പോൾ പഴയ, ഉപേക്ഷിച്ച പടകും
വലയും വീണ്ടും എടുത്ത വിശ്വാസഘാതകനാണു ഞാൻ... എന്റെ
സ്നേഹം നിനക്കു മങ്ങാതെന്നു കൈയുയർത്തി പാടിയിട്ടുണ്ട്...
എങ്കിലും പ്രതിസന്ധി വന്നപ്പോൾ പഴയതിലേക്കു മടങ്ങിയവനാണു
ഞാൻ... ഒരിക്കൽകൂടി കർത്താവു എന്നെ ചേർത്തു പിടിക്കുന്ന
തായി എനിക്കു തോന്നി... ശിമയോനെ ചേർത്തു പിടിച്ചതു പോലെ...
അവനെ യഥാസ്ഥാനപ്പെടുത്തിയതു പോലെ...





# ചോദ്യാവലി

## ചോദ്യാവലി

i. രണ്ടാം സങ്കീർത്തനം എഴുതിയതാര്?

ii. ജന്മദിവസത്തെ ശപിച്ച വ്യക്തി?

iii. സമയത്തിന് മുൻപ് ജനിച്ച ശിശു എന്നർത്ഥം വരുന്നവാക്ക്?

കഴിഞ്ഞലക്കത്തിലെ ഉത്തരങ്ങൾ.


i പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ചതിനാൽ മരിച്ചു പോയ സഫീറയുടെ ഭർത്താവിന്റെ പേര്?
ഉത്തരം: അനന്യാസ്. (അപ്പൊ.പ്രവൃ.) 5:1-10)

ii. ഇയ്യോബിന്റെ ദേശം ഏതായിരുന്നു.?
ഉത്തരം: ഊസ് ദേശം (ഇയ്യോബ്: 1:1)

iii. യേശു ബേത്ലഹേമിൽ ജനിച്ചപ്പോൾ എത്ര വിദ്വാൻമാരാണ് കിഴക്കുനിന്നും അവനെ നമസ്കരിക്കുവാനായി വന്നത്?
ഉത്തരം: എത്രപേർ എന്ന ഉത്തരം ബൈബിൾ തരുന്നില്ല.

ഉത്തരങ്ങൾ അയച്ചുതരിക: ഷെറി വർഗ്ഗീസ് കുവൈറ്റ്.

agape.magasine@gmail.com




*Design team:- Joby John & Shinu John*

follow us:

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com